പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: **654**

11.12.2012-ൽ മറുപടിക്ക്

ഇ-പ്രൊക്യൂർമെൻറ് സംവിധാനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പാക്കിയത് ഏത് തീയതി മുതലാണ്; | (എ) വ്യവസായവകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാവ്യവസായ സ്ഥാപനങ്ങളിൽ 2012 ഓഗസ്റ്റ് മാസം ഒന്നാം തീയതി മുതൽ ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കി. |
| (.ബി) ഇതിന് ശേഷം ഏതെങ്കിലും പൊതുമേഖലാ വ്യവസായ സ്ഥാപനം അതിനാവശ്യമായ അസംസ്കൃത സാധനങ്ങളോ; സേവനങ്ങളോ ഈ-പ്രൊക്യൂർമെൻറ് വഴിയല്ലാതെ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾ എന്തെല്ലാം സാധനങ്ങൾ; എന്തെല്ലാം സേവനങ്ങൾ എന്ന് വിശദമാക്കാമോ; | ബി) ഇലക്ട്രോണിക് പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കിയ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സമ്പ്രദായം മുഖേനയും അല്ലാതെും നടപ്പിലാക്കിയ ടെണ്ടറുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) ഇ-പ്രൊക്യൂർമെൻറ് സംവിധാനത്തിന്റെ സവിശേഷതകൾ വിശദമാക്കാമോ; എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും നിശ്ചിത തീയതിക്ക് മുമ്പായി ഇത് പ്രയോജനപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്? | സി) പൊതുമേഖലാ വ്യവസായങ്ങൾക്ക് ആവശ്യമായ അസംസ്കൃത സാധനങ്ങൾ, നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ മറ്റു സാധനങ്ങളും സേവനങ്ങളും സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ വാങ്ങുന്നതിനുവേണ്ടിയാണ് ഇ-പ്രൊക്യൂർമെൻറ് സംവിധാനം നടപ്പിലാക്കുന്നത്. പൊതുമേഖലാവ്യവസായങ്ങളുടെ ഇടപാടുകൾ കൂടുതൽ സുതാര്യമാക്കുക, കൈകാര്യം ചെയ്യാൻ എളുപ്പമുള്ളതാക്കുക, വേഗത്തിൽ തീരുമാനമെടുക്കുക, ഉദ്യോഗസ്ഥർക്ക് കൂടുതൽ ഉത്തരവാദിത്വം, താരതമ്യേന പരാതിരഹിതം, വ്യവഹാരങ്ങൾ കുറയ്ക്കുക എന്നിവയാണ് ഈ സംവിധാനം വഴി ലക്ഷ്യമിടുന്നത്. ഈ സംവിധാനത്തിനുകീഴിൽ 24 മണിക്കൂറും, രാജ്യത്ത് ഏതു കോണിൽനിന്നും ഇതിന്റെ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കും എന്നതാണ് |

പ്രധാന സവിശേഷത. കൂടാതെ ടെണ്ടറിന്റെ നടപടിക്രമങ്ങളിൽ കൃത്യതയും ഓട്ടോമേഷനും ഉറപ്പുവരുത്താൻ സാധിക്കുന്നു. വിവരങ്ങൾ സുരക്ഷിതമായി കാലാകാലം സൂക്ഷിക്കുന്നതിനുള്ള സൗകര്യവും ലഭിക്കുന്നതാണ്. ടെണ്ടർ നടപടിക്രമങ്ങളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നതിനുള്ള മികച്ച സംവിധാനമാണ് ഇതിലൂടെ സാധ്യമാകുന്നത്. ടെണ്ടറുമായി ബന്ധപ്പെട്ടവർക്ക് നടപടിക്രമങ്ങൾ അതാത് സമയത്ത് അറിയിക്കുന്നതിനുള്ള സംവിധാനവും ഇതിലൂടെ ലഭ്യമാണ്. ഇതിലൂടെ സാധാരണ ടെണ്ടർ നടപടിക്രമങ്ങളിലെ പേപ്പർജോലികളും തുടർന്നുണ്ടാവുന്ന ബുദ്ധിമുട്ടുകളും കുറയ്ക്കുവാൻ സാധിക്കുന്നു. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 1.8.2012-ൽ ഇത് പ്രയോജനപ്പെടുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

Ajith B
സെക്ഷൻ ഓഫീസർ